# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .6134

09.07.2013-ൽ മറുപടിക്ക്

## മത്സ്യഫെഡ് വഴി ആനുകൂല്യ വിതരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>" പാലോട് രവി<br>" സി.പി.മുഹമ്മദ്<br>" വി.പി.സജീന്ദ്രൻ | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മത്സ്യഫെഡ് വഴി വിവിധ ആനുകൂല്യ വിതരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി വിതരണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) നിലവിലുള്ള ഇന്ധനക്ഷാമം പരിഹരിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ വർദ്ധിച്ചു വരുന്ന പ്രവർത്തന ചെലവ് കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സബ്സിഡിയോടു കൂടി മത്സ്യത്തൊഴിലാളികൾക്ക് ഡീസൽ എഞ്ചിൻ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സംയോജിത മത്സ്യവികസന പദ്ധതി 2012-13 വഴി മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ഉപകരണങ്ങൾ, മത്സ്യലേലം വർദ്ധിപ്പിക്കുന്നതിന് പ്രവർത്തന മൂലധനം, മത്സ്യത്തൊഴിലാളികളായ പുരുഷന്മാർക്ക് മത്സ്യ വിപണനം നടത്തുന്നതിനുള്ള ഇരുചക്ര വാഹനവും പ്രവർത്തന മൂലധനവും, മത്സ്യഫെഡ് ജില്ലാ ഓഫീസിനും പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഓഫീസ്-കം-ഗോഡൗൺ എന്നിവയും ഈ പദ്ധതി വഴി വിഭാവനം ചെയ്യുന്നു. എൻ.ബി.സി. എഫ്.ഡി.സി., എൻ.എം.ഡി. എഫ്.സി എന്നീ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുള്ള ടേം വായ്പകൾ, മൈക്രോഫൈനാൻസ്, മത്സ്യത്തൊഴിലാളി വനിതകൾക്ക് പലിശരഹിത |

| | | | |
|---|---|---|---|
| | | | വായ്പ, മത്സ്യബന്ധന ഉപകരണ, അപകട ഇൻഷ്വറൻസ് പദ്ധതി (എം.ഐ.എസ്.എസ്.) പ്രകാരം മത്സ്യബന്ധന ഉപകരണ ങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ എന്നിവ യാണ് മറ്റ് പദ്ധതികൾ. |
| (സി) | എത്ര കോടി രൂപയാണ് ഇതുവഴി നൽകുന്നത്;വിശദാംശങ്ങൾ എന്തെല്ലാം; | (സി) | 3134 ലക്ഷം രൂപ അടങ്കൽതുകയുള്ള പദ്ധതിയാണ് മത്സ്യഫെഡ് വഴി ഇപ്പോൾ നടപ്പിലാക്കുന്ന ഐ.എഫ്.ഡി.പി 2012-13 പദ്ധതി. എൻ.ബി.സി.എഫ്.ഡി.സി. പദ്ധതി 40 കോടി രൂപ, എൻ.എം.ഡി.എഫ്.സി പദ്ധതി 40 കോടി രൂപ, പലിശ രഹിത വായ്പ പദ്ധതി 52.50 കോടി രൂപ. മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്ന മത്സ്യത്തൊഴിലാളികൾക്ക് ആളൊന്നിന് 5 ലക്ഷം രൂപ വരെയുള്ള ഇൻഷ്വറൻസ് പരിരക്ഷയും നൽകിവരുന്നു. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | മാർച്ച് മാസം അവസാനം അംഗീകാരം ലഭിച്ച ഐ.എഫ്.ഡി.പി. പദ്ധതിയുടെ വിശദ വിവരം എല്ലാ ജില്ലാ മാനേജർമാരേയും ആയത് വഴി എല്ലാ പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെയും അറിയിച്ചിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന മാർഗ്ഗ രേഖകൾ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ആവശ്യകത അനുസരിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. എൻ.ബി.സി.എഫ്.ഡി.സി. യിൽ നിന്നും 8 കോടി രൂപയും എൻ.എം.ഡി.എഫ്.സി. യിൽ നിന്നും 10 കോടി രൂപയും അനുവദിച്ചു കിട്ടിയിട്ടുണ്ട്. ടി തുകകൾ വായ്പയായി വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. പലിശ രഹിത വായ്പ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ